(സി&ഡി) ആഭ്യന്തര വകുപ്പിന്റെകീഴിൽ പോലീസ് ആസ്ഥാനത്ത് എൻ. ആർ.ഐ. സെല്ലിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു ഹെൽപ്‌ലൈൻ പ്രവർത്തിച്ചുവരുന്നതും വിവിധ ദൃശ്യ ശ്രാവണ മാധ്യമങ്ങളിലൂടെ നിരന്തരം ഇത്തരം തട്ടിപ്പുകളെക്കുറിച്ച് അറിയിപ്പുകൾ കൊടുത്തുവരുന്നതുമാണ്. റിക്രൂട്ടിംഗ് ഏജൻസികൾക്ക് എതിരെ ലഭിക്കുന്ന പരാതികൾ ആഭ്യന്തരവകുപ്പ് മുഖേന അന്വേഷിച്ച് കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

ഗൾഫ് മേഖലയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്നവരുടെ പുനരധിവാസം

84 (1452) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വദേശവൽക്കരണവും ആഭ്യന്തര കലാപവും കാരണം ഗൾഫ് മേഖലയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വന്നവരുടെ പുനരധിവാസത്തിന് 'നോർക്ക' വഴി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ബാങ്കുകൾവഴി ധനസഹായം ലഭ്യമാക്കുന്നതിൽ നിലവിലുള്ള നിബന്ധനകൾ എന്തൊക്കെ : വ്യക്തമാക്കുമോ ;

(സി) 'നോർക്ക'വഴി ഈ നിബന്ധനകൾ ലഘൂകരിക്കുന്നതിന് മുൻകൈയെടുക്കുമോ ?

ഉത്തരം

(എ) മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധനചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. ഇതിനുപുറമേ ആഭ്യന്തരകലാപ ബാധിത

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorks.gov.in-ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരികെയെത്തിയവരിൽ 23 നേഴ്സുമാർക്ക് സർക്കാർ മുൻകയ്യെടുത്ത് എൻ.എം.സി ഗ്രൂപ്പിൽ ജോലി ലഭിച്ചിട്ടുണ്ട്. കൂടാതെ അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേരും യു.എ.ഇ.-യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാരേഖകൾ തയ്യാറായിവരുന്നു. ഇതിന് പുറമേ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നേഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 20 ലക്ഷം രൂപവരെ മൂലധനചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലിചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപികരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പുവച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ബാങ്കുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നത്. അപ്രകാരം നിശ്ചയിച്ചിരിക്കുന്ന പലിശനിരക്കിൽനിന്നും ആദ്യത്തെ നാലുവർഷം 3% പലിശ ഇളവ് നൽകുവാൻ ഈ പദ്ധതിപ്രകാരം വിഭാവനം ചെയ്യുന്നു.

(സി) റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പരമാവധി ഇളവ് നൽകിയാണ് ബാങ്കുകൾ പലിശനിരക്ക് നിശ്ചയിക്കുന്നത്. എന്നാൽ വായ്പാഭാരം ലഘൂകരിക്കാനായി 15% മൂലധന സബ്സിഡിയും ബാങ്ക് നിശ്ചയിച്ചിരിക്കുന്ന പലിശ നിരക്കിൽനിന്നും ആദ്യത്തെ നാല് വർഷം 3% പലിശ ഇളവും സർക്കാർ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly